No. 186

SEPTEMBER 2004

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 186 SEPTEMBER 2004

**EDITORIAL BOARD**

*Chief Editor*
**Dr. S. JAYARAJ KUMAR**

*Managing Editor*
**V.JAYAKUMAR**

*Assistant Editor*
**Dr. G.S. SURESH**

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
N.Rajan
Soman Nadar
Dr. T.A.Sudhakarakurup
Kavumbai Balakrishnan
Dr. C. Unnikrishnan
Anil Vallathol

No.
# 186

inside

10 എയിഡഡ് കോളജുകളിലെ സ്വാശ്രയ കോഴ്സുകളും പൊതു ആസ്തികളുടെ സ്വകാര്യ വൽക്കരണവും
പ്രൊഫ. തോമസ് ജോസഫ്

●

18 അതിജീവനം (കവിത)
പി.വി. വസന്തലക്ഷ്മി

●

19 Carrier- Oriented add -on courses at first degree level in universities & Colleges
Dr. Rajan Varghese

●

31 രജനിയുടെ സ്വച്ഛന്ദ മൃത്യുവും വെല്ലുവിളികളും
എം. എസ്. വസന്തകുമാർ

●

32 Seeds of Truth and other poems (Book Review)
C. Ajayan

●

38 Vanishing Sacred Groves in Kerala State
Dr. Sainudeen Pattazhy

- Editorial • Economic Focus
- AIFUCTO News
- AIFUCTO News
- ജില്ലാവാർത്തകൾ • സമരപഥങ്ങൾ
- ശാസ്ത്രജാലകം • സർക്കാർ ഉത്തരവുകൾ

visit www.akpcta.org

## എഡിറ്റോറിയൽ

# രാമൻ വാണാലും രാവണൻ വാണാലും...

**കേരള** സംസ്ഥാനത്ത് വിചിത്രവും നാടകീയവുമായ ഒരു ഭരണമാററം സംഭവിച്ചിരിക്കുന്നു. മുഖ്യമന്ത്രിയായിരുന്ന എ. കെ. ആന്റണിയുടെ രാജി പ്രഖ്യാപനത്തോടെയാണ് ഈ പ്രക്രിയ ആരംഭിച്ചത്. അടുത്തുനടന്ന പാർലമെന്റു തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനുണ്ടായ സമ്പൂർണ്ണ പരാജയത്തിന്റെ ഫലമായിട്ടാണു താൻ രാജിവെയ്ക്കുന്നതെന്ന് മി.ആന്റണി പറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ ആന്റണി സർക്കാരിന്റെ ജനവിരുദ്ധനയങ്ങളുടെ സ്വാഭാവിക പരിണാമമാണ് ഈ മുഖ്യമന്ത്രിയുടെ ഒളിച്ചോട്ടം. മൂന്നരവർഷത്തെ ആന്റണി ഭരണത്തിന്റെ ബാക്കിപത്രം എന്താണ്? ജനജീവിതത്തെ ദുരിതപൂർണ്ണമാക്കിയ എ.ഡി.ബി പരിഷ്ക്കാരങ്ങൾ, വ്യവസായ നിക്ഷേപം ആകർഷിക്കാൻ സംഘടിപ്പിച്ച 'ജിം' ന്റെ വൻപരാജയം, കർഷകരെ കടക്കെണിയിലേയ്ക്കും കൂട്ട ആത്മഹത്യയിലേയ്ക്കും തള്ളിവിട്ട കാർഷിക നയം, വർഗ്ഗീയ ശക്തികൾക്ക് അഴിഞ്ഞാടാൻ അവസരമൊരുക്കിയ ആഭ്യന്തര നയം, തൊഴിലവസരങ്ങൾ വെട്ടിക്കുറച്ച് തൊഴിൽരഹിതരെ വഞ്ചിച്ചും തൊഴിൽ ശാലകൾ പൂട്ടി തൊഴിലാളികളെ നിരാധാരരാക്കുകയും ചെയ്യുന്ന തൊഴിൽ നയം തുടങ്ങിയ ജനവിരുദ്ധ നയങ്ങളും, വികസന രംഗത്തെ മുരടിപ്പും അഴിമതിയും വർഗ്ഗീയതയും സ്വജനപക്ഷപാതവുമെല്ലാം സർക്കാരിന്റെ മുഖമുദ്രയായിരുന്നു.

ആന്റണി സർക്കാരിന്റെ വിദ്യാഭ്യാസ നയം കൂടുതൽ വിമർശനമർഹിക്കുന്നു. ആൻറണിയുടെ ഭരണകാലം പൊതുവിദ്യാഭ്യാസ രംഗവും ഉന്നതവിദ്യാഭ്യാസ മേഖലയും ഏററവും കലുഷിതമായിരുന്ന ഒരു കാലഘട്ടമായിരുന്നു. ഒരു ഭാഗത്ത് സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ മറുഭാഗത്ത് അൺ എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കുകയും കൂടുതൽ അൺ എയ്ഡഡ് സ്കൂളുകൾ അനുവദിക്കുകയും, എയ്ഡഡ് സ്കൂളുകളിൽ അൺ എയ്ഡഡ് ഹയർസെക്കന്ററി കോഴ്സുകൾ ആരംഭിക്കുകയും ചെയ്ത അത്യന്തം വികലമായ പൊതു വിദ്യാഭ്യാസ നയം. സാമൂഹികമായ വൻദുരന്തത്തിലേയ്ക്കാണ് ആന്റണി സർക്കാർ ഉന്നതവിദ്യാഭ്യാസത്തെ എത്തിച്ചത്. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകിയ അനിയന്ത്രിതമായ സ്വാതന്ത്ര്യം, എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സുകൾ യഥേഷ്ടം തുടങ്ങാനുള്ള അനുവാദം, വിദ്യാഭ്യാസ രംഗത്ത് പൊതുമുതലിന്റെ സ്വകാര്യവൽക്കരണം തുടങ്ങിയ തലതിരിഞ്ഞ പരിഷ്ക്കാരങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തെ വൻപ്രതിസന്ധിയിൽ എത്തിച്ചു. സാർവ്വത്രികവും സൗജന്യവുമായിരുന്ന വിദ്യാഭ്യാസം ഇന്ന് കേരളത്തിലെ സാധാരണജനങ്ങൾക്ക് വഹിക്കാൻ കഴിയാത്ത വൻഭാരമാക്കിത്തീർത്തിരിക്കുന്നു.

ഈ രംഗത്തെ തുഗ്ലക്ക് പരിഷ്ക്കാരങ്ങളിൽ ഏററവും ഒടുവിലത്തേതാണ് ഗ്രേഡിംഗ് സമ്പ്രദായം നിർത്തലാക്കാനുള്ള തീരുമാനം. ഒരു ഭരണാധികാരി എന്ന നിലയിൽ ആന്റണിയെ വിലയിരുത്തുമ്പോൾ നയങ്ങളിലെ അനിശ്ചിതത്വവും ആശയക്കുഴപ്പങ്ങളും എന്നും അദ്ദേഹത്തെ വേട്ടയാടിയിരുന്നുയെന്നു കാണാം. ഇത്തരം ജനവിരുദ്ധ നടപടികളായിരുന്നു ഈ ഭരണമാററത്തിന്റെ അടിസ്ഥാന കാരണമായത്.

ആന്റണി സർക്കാർ തുടർന്നുവന്ന എല്ലാ വികല നയങ്ങളും അതേപടി പിന്തുടരുമെന്ന് പുതിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രഖ്യാപിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരള ജനതയ്ക്ക് ആശ്വാസം പകരുന്ന ഒന്നും പുതിയ സർക്കാരിൽ നിന്നും പ്രതീക്ഷിക്കാനില്ല.

**പ്രതിച്ഛായ നന്നാക്കാനാണ് മന്ത്രിസഭാ മാററമത്രേ!**

# എ. കെ. പി. സി. ടി. എ

# പ്രവർത്തക സമിതി തീരുമാനങ്ങൾ

## 2004 സെപ്തംബർ 5, എറണാകുളം

1. **ഉന്നതവിദ്യാഭ്യാസ കൊളോക്യം:-** പ്രൊഫ. എം. പി. പോൾ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ രംഗത്തെ പൊതുമിനിമം പരിപാടി എന്ന വിഷയത്തെ ആസ്പദമാക്കി സെപ്ററംബർ 25, 26 തീയതികളിൽ ആശീർഭവനിൽ (കച്ചേരിപ്പടി, നോർത്ത് റെയിൽവേ സ്റേറഷനു സമീപം, എറണാകുളം) വച്ചു നടത്തുന്നു. സ: പ്രകാശ് കാരാട് ഉദ്ഘാടനം നിർവഹിക്കും. ശ്രീ. വയലാർ രവി, സ. കാന്തി ബിശ്വാസ്, ഡോ: കെ. എൻ. പണിക്കർ, ജ: വി. ആർ. കൃഷ്ണയ്യർ, ഡോ: വെങ്കടേശ് ആത്രേയ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്നു. പ്രോഗ്രാം നോട്ടീസും ചർച്ചകൾക്കാധാരമാകേണ്ട കുറിപ്പും അക്കാദമിക് കമ്മററി കൺവീനർ അയച്ചു തരുന്നതാണ്. ബ്രാഞ്ച് യോഗംകൂടി ഇതുസംബന്ധമായ ചർച്ച നടത്തണം. ബ്രാഞ്ച് അക്കാദമിക് കമ്മററി കൺവീനർ ഉൾപ്പെടെ രണ്ടിൽ കുറയാതെ അംഗങ്ങളെ കൊളോക്യത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് പ്രതിനിധി ഒന്നിന് 200 രൂപ.
2. **എയിഡഡ് കോളജുകളിലെ അൺ എയിഡഡ് കോഴ്സുകൾക്കെതിരെ പ്രതിഷേധമാർച്ചും ധർണയും:**
എയിഡഡ് കോളജുകളിൽ അൺ എയിഡഡ് കോഴ്സുകൾ അനുവദിച്ചുകൊണ്ട് എയിഡഡ് സംവിധാനം തകർക്കുന്നതിനെതിരെ കോളജുകളിൽ ചെറുത്തു നിൽപ്പു സംഘടിപ്പിക്കേണ്ടതാണ്. എയിഡഡ്കോളജുകളിൽ അൺ എയിഡഡ് കോഴ്സുകൾ അഫിലിയേററു ചെയ്യുന്ന മഹാത്മാ ഗാന്ധി, കാലിക്കററ്, കണ്ണൂർ സർവ്വകലാശാല അധികാരികൾക്കെതിരെ, അതാത് സർവ്വകലാശാലാ ആസ്ഥാനത്ത് സെപ്ററംബർ 18 ശനിയാഴ്ച രാവിലെ 10 മണിക്ക് പ്രതിഷേധമാർച്ചും ധർണയും നടത്താൻ തീരുമാനിച്ചു. എയിഡഡ് സമ്പ്രദായം തകർക്കുന്ന സർക്കാർ നയം തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒക്ടോബർ 16 ന് സെക്രട്ടറിയേററിലേയ്ക്ക് മാർച്ചു സംഘടിപ്പിക്കും. സമരപരിപാടികൾ വമ്പിച്ച വിജയമാക്കാൻ ബ്രാഞ്ചു തലത്തിൽ വേണ്ട ഒരുക്കങ്ങൾ നടത്തണം.
3. **കേരള പ്രൈവററു കോളജ് ടീച്ചർ: പ്രൊഫ. എം. പി. പോൾ വിശേഷാൽ പതിപ്പ്:** പ്രൊഫ. എം. പി. പോളിന്റെ നൂറാം ജന്മവാർഷികം പ്രമാണിച്ച് നടത്തുന്ന ഉന്നതവിദ്യാഭ്യാസ കോളോക്യത്തിലെ പ്രബന്ധങ്ങളും പ്രൊഫ. എം. പി. പോളിനെ സ്മരിച്ചുകൊണ്ടുള്ള ലേഖനങ്ങളും ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന സ്പെഷ്യൽ പതിപ്പിലേയ്ക്ക് ലേഖനങ്ങൾ അയച്ചു തന്നും പരമാവധി പരസ്യങ്ങൾ ശേഖരിച്ചു നൽകിയും ബ്രാഞ്ചുകൾ സഹകരിക്കണം. താരിഫ് കാർഡ് ജില്ലാ സെക്രട്ടറിമാരിൽ നിന്നും ലഭിക്കും. സെപ്ററംബർ 30 നകം ലേഖനങ്ങളും പരസ്യങ്ങളും ചീഫ് എഡിററർക്ക് അയച്ചുകൊടുക്കേണ്ടതാണ്.
4. **കോർപ്പറേററു മാനേജുമെന്റിലെ സ്ഥലംമാററം:** നിയമം ലംഘിച്ചുകൊണ്ട് നടത്തിയ സ്ഥലം മാററങ്ങൾ തിരുത്താൻ തയ്യാറാകാത്ത മാനേജുമെന്റു നടപടിയിൽ പ്രവർത്തക സമിതി ശക്തിയായി പ്രതിഷേധിച്ചു. മർക്കടമുഷ്ടി ഉപേക്ഷിക്കാൻ മാനേജുമെന്റ് തയ്യാറാകാത്ത പക്ഷം കൂടുതൽ ശക്തമായ സമരപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ തീരുമാനിച്ചു.
5. **സർക്കാർ തലത്തിൽ ചർച്ച:** കേരളത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന സാഹചര്യത്തിൽ, വിദ്യാഭ്യാസരംഗത്തെ പൊതുപ്രശ്നങ്ങളെക്കുറിച്ചും അദ്ധ്യാപകരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ചും അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ മന്ത്രിക്ക് നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചു.
6. **എയിഡഡ് കോളജുകളിലെ പൊതു നിക്ഷേപത്തെ സംബന്ധിച്ച പഠനം:** ബ്രാഞ്ചുതലത്തിൽ നടത്താൻ തീരുമാനിച്ചിട്ടുള്ള പഠനം ഏററവും ഊർജിതമായി മുന്നോട്ട് കൊണ്ടുപോകണം. പഠനങ്ങളിലൂടെ ലഭിക്കുന്ന സവിശേഷമായ വിവരങ്ങൾ കുറിപ്പുകളായി പ്രസിദ്ധീകരണത്തിന് ചീഫ് എഡിററർക്ക് അയച്ചുകൊടുക്കണം.
7. **മെമ്പർഷിപ്പ്, ലീഗൽ ആക്ഷൻ, ഡയറക്ട് ആക്ഷൻ കുടിശ്ശിക:** 2004-05 വർഷത്തെ മെമ്പർഷിപ്പും കുടിശ്ശികയായിട്ടുള്ള ലീഗൽ, ഡയറക്ട് ആക്ഷൻ ഫണ്ടും എത്രയും വേഗം ട്രഷറർക്ക് അയച്ചുകൊടുക്കണം.
8. **കെട്ടിടനിർമാണം:** സംസ്ഥാന കമ്മററി ഓഫീസിന്റെ 3-ാം നിലയുടെ പണി ആരംഭിച്ചുകഴിഞ്ഞു. 3 മാസത്തിനകം പണിപൂർത്തിയാക്കേണ്ടതുണ്ട്. കെട്ടിടഫണ്ടിലേക്ക് ഇനിയും തുക അടയ്ക്കാത്തവർ (മെമ്പർ ഒന്നിന് 500 രൂപാ വീതം) എത്രയും പെട്ടെന്ന് ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതാണ്.
9. **സർവീസ് സെൽ:** സർവീസ് സെല്ലിന്റെ കൺവീനറായി ശ്രീ. കെ. എസ്. ജയചന്ദ്രനെ നോമിനേററു ചെയ്തു. അഡ്രസ്: 'MEGHANA', Mannoothy P. O., Trissur 680651 / Sree Kerala Varma College, Trissur, 680011. Ph: 0487-2371971 (R) 9447308697 (Mob:) സർവീസ് സംബന്ധമായ പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും സർവീസ് സെൽ കൺവീനറുമായി ബന്ധപ്പെടുക.
10. **പത്തനംതിട്ട ജില്ലാ സെക്രട്ടറി:** പ്രൊഫ. പി. ജി. സുകുമാരൻ നായർ പത്തനംതിട്ട ജില്ലാ സെക്രട്ടറി സ്ഥാനത്തു നിന്നും മാറിയ സാഹര്യത്തിൽ കോഴഞ്ചേരി സെന്റ് തോമസ് കോളജിലെ പ്രൊഫ: അലക്സാണ്ടർ കെ. സാമുവേലിനെ ജില്ലാസെക്രട്ടറിയായി നോമിനേററു ചെയ്തു. Address: MATHILUNKAL HOUSE (Opp. College Book House), Thiruvalla R. S. P. O. Kuttapuzha Ph: 0469-2605407

സംഘടനാ തീരുമാനങ്ങൾ വിജയിപ്പിക്കാൻ പൂർണ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
7-9-2004

**എ. പ്രതാപചന്ദ്രൻ നായർ**
ജനറൽ സെക്രട്ടറി, AKPCTA

# എ. കെ. പി. സി. ടി. എ സംസ്ഥാന പ്രവർത്തക ക്യാമ്പ്

## 2004 ആഗസ്ററ് 7,8 തൃശ്ശൂർ



എ. കെ. പി. സി. എ സംസ്ഥാന പ്രവർത്തക ക്യാമ്പ് ആഗസ്ത് 7,8 തീയതികളിൽ ചിയ്യാരം ( തൃശൂർ) ഗലീലി ഓഡിറേറാറിയത്തിൽ നടക്കുകയുണ്ടായി. പ്രൊഫസർ. തോമസ്സിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പ്രൊഫ. എം. എൻ വിജയൻ ക്യാമ്പ് ഉത്ഘാടനം ചെയ്തു. എഞ്ചിനിയറിംഗ് വിദ്യാർത്ഥി രജനി ആനന്ദിന്റെ മരണവുമായി ബന്ധപ്പെട്ട് ഒട്ടേറെ രാഷ്ട്രീയ-സാമൂഹ്യ പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നതായി അധ്യക്ഷ പ്രസംഗത്തിൽ പ്രൊഫ. തോമസ് ജോസഫ് ചൂണ്ടിക്കാട്ടി. ഗൗരവപൂർവ്വമായ ചർച്ചയെ വഴിതിരിച്ചു വിടാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ലളിതാംബിക ഐ. എ. എസ് ന്റെ ലേഖനം ഈ ദിശയിലുള്ളതാണ്. രജനിയുടെ ആത്മഹത്യയെക്കുറിച്ച് എന്തിന് ജുഡീഷ്യൽ അന്വേഷണം നടത്തുന്നു എന്ന ചോദ്യമാണ് ലേഖനത്തിൽ ഉയർത്തിയിരിക്കുന്നത്. ആഗോളവത്കരണ സിദ്ധാന്തങ്ങൾക്കനുസൃതമായി കേരളസമൂഹത്തെ പരുവപ്പെടുത്താനുള്ള ആഹ്വാനമാണ് പ്രസ്തുത ലേഖനത്തിലുടനീളം ദർശിക്കാൻ

കഴിയുന്നത്- അദ്ദേഹം പറഞ്ഞു.

## വിദ്യാഭ്യാസരംഗം വിമോചന സമരം മുതൽ സ്വാശ്രയ സമരം വരെ

വിദ്യാഭ്യാസരംഗം-`വിമോചന സമരം മുതൽ സ്വാശ്രയ സമരം വരെ' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ടാണ് പ്രൊഫ.എം.എൻ. വിജയൻ മാസ്ററർ ഉത്ഘാടനം നിർവഹിച്ചത്.

ധനകാര്യമൂലധനത്തിന്റെ ആധിപത്യത്തിന്റേതായ ഇന്നത്തെ ഉത്തരാധുനിക സമൂഹത്തിൽ മറെറല്ലാ കാര്യങ്ങളേയും പോലെ വിദ്യാഭ്യാസത്തിന്റെ മൂല്യവും നിർണ്ണയിക്കുന്നത് പണം മാത്രമാണ്. പിൽക്കാല മുതലാളിത്ത ദശയിൽ പണം ആദ്യന്തിക മൂല്യമായി മാറിയിരിക്കുന്നു. ധനമുതലാളിത്തം വിദ്യാഭ്യാസമേഖലയിൽ സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധിയിൽ നിന്ന് എങ്ങനെ മോചനം നേടാമെന്നത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അടിയന്തര കർത്തവ്യമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസ കച്ചവടക്കാർ യുവതലമുറയെ മരണത്തിലേക്ക് ആട്ടിതെളിക്കുകയാണ്. ഇവർക്ക് അധ്യാപകന്റെ മൂല്യം മണിക്കൂറിൽ എന്തുകിട്ടുന്നു എന്നു നോക്കിയാണ്. പണമില്ലാത്തവനെ മരണത്തിലേക്ക് നയിക്കുന്നതും ഈ മൂല്യബോധത്തിന്റെ വക്താക്കളാണ്. ലളിതാംബികയക്ക് ജിവിക്കാനും രജനിക്ക് മരിക്കാനുമുള്ളതായിരിക്കുന്നു നമ്മുടെ ലോകം. ഇവിടെ ആത്മഹത്യ ഒരു സാമൂഹ്യ പ്രതീകമാണ്. പ്രശസ്ത അമേരിക്കൻ കവി വാൾട്ട്രൂവിററ് മാൻ പറഞ്ഞത് നിത്യജീവിതത്തിലെ സാധാരണ കാര്യങ്ങളിൽ പോലും ചരിത്രം ദർശിക്കാമെന്നാണ്. നമ്മുടെ സമൂഹം വൈകാരികമായി ഒരുതരം ഇമ്മ്യൂണിററി വന്ന സമൂഹമാണ്.

ലോകബാങ്കും ADB യും എറിഞ്ഞുകൊടുക്കുന്ന പണം നാം എടുക്കുന്നു. മറെറാരു രാജ്യത്തും ഇതു നടക്കില്ല. WTO യിൽ പ്രതിഷേധമുയർത്തിയത് ദക്ഷിണാഫ്രിക്കയാണ്. നാം വാനില കൃഷി ചെയ്യുന്നത് അത് ഭക്ഷ്യയോഗ്യമായതുകൊണ്ടല്ല, മറിച്ച് ലാഭം കൊയ്യാനാണ്. അമേരിക്ക വലിച്ചെറിയുമ്പോൾ നാം അതെടുത്ത് ഉപയോഗിക്കും. നാം യഥാർത്ഥത്തിൽ വ്യാമോഹങ്ങൾ കൃഷിചെയ്യുകയാണ്. മുതലാളിത്തം തന്നെ ഒരുതരം വ്യാമോഹ നിർമ്മാണ വ്യവസായമാണ്.

ഭീരുക്കളുടെ വ്യവസായമാണ് വിദ്യാഭ്യാസം. സ്വാശ്രയം, സ്വയംഭരണം എന്നീ വാക്കുകൾ ഗാന്ധിജി ഉപയോഗിച്ച അർത്ഥത്തിലല്ല ഇന്ന് ഉപയോഗിക്കുന്നത്. അർത്ഥങ്ങൾക്ക് വ്യത്യാസം



വന്നിരിക്കുന്നു. ഇതൊരുതരം Semantic reversal ആണ്. വിദ്യാഭ്യാസത്തെ രാഷ്ട്രീയ ആയുധമായി ഉപയോഗിച്ചിരുന്നു. അഭിരുചികളെ മാററിത്തീർക്കാനാണ് ലോകമുതലാളിത്തം ശ്രമിക്കുന്നത്. പത്തു വർഷത്തിനകം വിദ്യാഭ്യാസരംഗം അതിവപ്രതിസന്ധിയിലേക്ക് പോകാനുളള സാധ്യതയുണ്ട്. അയൽ രാജ്യങ്ങളിൽ സ്വാശ്രയസ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ എണ്ണം കുറയുകയാണ്. ഈ സംവിധാനം അധികകാലം നിലനിൽക്കുകയില്ല. ഇന്ന് വളരെ എളുപ്പത്തിൽ ഫീസ് പിരിക്കുന്നെങ്കിൽ ഫീസ് പിരിയുന്നില്ലല്ലോ എന്ന പ്രതിസന്ധി വിദ്യാഭ്യാസ കച്ചവടക്കാർ നേരിടുന്ന കാലം വിദൂരമല്ല- വിജയൻ മാസ്ററർ പറഞ്ഞു. പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സ്വാഗതവും ഡോ. കെ.കെ ചാക്കോ നന്ദിയും രേഖപ്പെടുത്തി.




## സംഘടനാ പ്രവർത്തനം- ഇന്നലെ, ഇന്ന്, നാളെ

ഉച്ചഭക്ഷണത്തിനുശേഷം 'സംഘടനാ പ്രവർത്തനം- ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയം എ.കെ.പി.സി.ടി.എ മുൻ ജനറൽസെക്രട്ടറി പ്രൊഫ. ജി. മാധവൻ നായർ അവതരിപ്പിച്ചു. എ. കെ.പി.സി.ടി.എ യുടെ രൂപീകരണത്തിലേക്ക് നയിച്ച സാമൂഹ്യ- രാഷ്ട്രീയ സ ാ ഹ ചര്യങ്ങളും സംഘടനാ നേതൃത്വം നൽകിയ എണ്ണമററ പ്രക്ഷോഭ സമരങ്ങളുടെ ചരിത്ര പശ്ചാതലവും സൂക്ഷമമായി വിശകലനം ചെയ്യുന്ന ശ്രദ്ധേയമായ ക്ളാസായിരുന്നു പ്രൊഫ. മാധവൻ നായരുടേത്. പ്രൊഫ. വിജയധരൻ സ്വാഗതവും പ്രൊഫ. കെ. കെ. ബാലചന്ദ്രൻ നന്ദിയും രേഖപ്പെടുത്തി.

വിദ്യാഭ്യാസ സമ്മേളനം-

## സർവ്വകലാശാലാ നിയമങ്ങൾ - പൊളിച്ചെഴുത്തിന്റെ രാഷ്ട്രീയം

'സർവ്വകലാശാലാ നിയമങ്ങൾ - പൊളിച്ചെഴുത്തിന്റെ രാഷ്ട്രീയം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ ചിന്തവാരിക പത്രാധിപർ സ. സി. പി. നാരായണൻ ആമുഖ പ്രഭാഷണവും ഡോ. ജോയ് ജോബ് കുളവേലി മുഖ്യ പ്രഭാഷണവും നടത്തി. പ്രൊഫ.



പി. രഘുനാഥ് അധ്യക്ഷതവഹിച്ചു. പ്രൊഫ. കെ. കെ. ബലറാം സ്വാഗതവും ഡോ. രാജൻ വർഗ്ഗീസ് നന്ദിയും പ്രകാശിപ്പിച്ചു.

### സ: സി. പി. നാരായണൻ

കേരളത്തിലെ സർവ്വകലാശാകളുടെ നിയമങ്ങൾ നിലവിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസരംഗത്തും നമ്മുടെ സമൂഹത്തിലും ഒട്ടേറെ മാററങ്ങൾ ഉണ്ടായിട്ടുണ്ട്. മാറിയസാഹചര്യത്തിനനുസൃതമായി സർവ്വകലശാലാ നിയമങ്ങളിലും മാററങ്ങൾ അനുപേക്ഷണിയമാണ്. പക്ഷെ സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുരൂപമായ മാററങ്ങൾ കൊണ്ടുവരാനല്ല ഏകീകൃത സർവ്വകലാശാല ബില്ലിലൂടെ യു. ഡി. എഫ് ഗവ. ശ്രമിക്കുന്നത്. ലോക്സഭ തെരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ സവിശേഷമായ രാഷ്ട്രീയ സാഹചര്യത്തിൽ ഈ ബിൽ നിയമമാക്കാൻ യു. ഡി. എഫ് തുനിയുകയില്ലെന്ന പ്രത്യാശ സ: സി.പി. പ്രകടിപ്പിച്ചു.

ഫ്യൂഡൽ ശക്തികൾ വർദ്ധിതവീര്യത്തോടെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ തിരിച്ചുവന്നിരിക്കുകയാണ്. സ്വാതന്ത്ര്യ പൂർവ്വകാലഘട്ടത്തിൽ സാമ്രാജ്യത്വവും ജന്മി-ഫ്യൂഡൽ വിഭാഗങ്ങളും കൈകോർത്തു പിടിച്ചതുപോലെ ഇന്ന്



ആഗോളവത്ക്കരണ ശക്തികളും സാമുദായിക ശക്തികളും തോളോടു തോൾ ചേർന്നിരിക്കുകയാണ്. സാമുദായിക ശക്തികൾക്ക് കീഴ്പ്പെട്ടാണ് യു. ഡി. എഫ് പ്രവർത്തിക്കുന്നത്. കോർപറേറ്റ് ഫ്യൂഡൽ ആഗോളവൽക്കരണ ശക്തികൾക്ക് വിധേയമായി നിൽക്കുന്ന വിദ്യാഭ്യാസമാണ് ഇവിടെയുള്ളത്. ആഗോളവൽക്കരണ ശക്തികൾക്കും ഫ്യൂഡൽ - സാമുദായിക ശക്തികൾക്കും ദല്ലാളായി പ്രവർത്തിക്കുന്ന രാഷ്ട്രീയ ശക്തി കേരളത്തിലുണ്ട്. ഈ മൂന്നുശക്തികളേയും നേരിട്ടുകൊണ്ടുമാത്രമേ ജനാധിതൃപരമായ നിയമം രൂപപ്പെടുത്താനാവൂ എന്ന് സ: സി. പി. പറഞ്ഞു.

### ഡോ. ജോയ് ജോബ് കുളവേലി

പുതിയകാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസരംഗം അതീവഗുരുതരമായ വെല്ലുവിളികളെ നേരിടുകയാണെന്ന ആമുഖത്തോടുകൂടിയാണ് ഡോ. കുളവേലി പ്രഭാഷണം തുടങ്ങിയത്. ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ അതിജീവനത്തിനായി പോരാടുന്ന കാഴ്ചയാണ് ലോകത്ത് കാണുന്നത്. എൻ.വി. എസ്.എ. ഇൻസ്ററിററ്യൂട്ടിലെ സോഹായിൽ ഇനായത്തുള്ളയുടെ " Many University may die, many may change beyond recognition" എന്ന നിരീക്ഷണം വരാനിരിക്കുന്ന ഭീഷണികളേയും വെല്ലുവിളികളേയും സൂചിപ്പിക്കുന്നതാണ്. വംശനാശത്തിന്റെ വഴിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇന്ത്യയിൽ സർവ്വകലാശാല സംവിധാനത്തിന്റെ ആവിർഭാവത്തിന്റെ പശ്ചാത്തലവും വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെ വിലയിരുത്തലുകളും പുത്തൻ സാഹചര്യങ്ങളിൽ ഉയർന്നുവന്നിരിക്കുന്ന വെല്ലുവിളികളും സവിസ്തരം പ്രതിപാദിക്കുന്നതായിരുന്നു ഡോ. കുളവേലിയുടെ പ്രഭാഷണം.

## വി. ആർ. എസ്. അനുസ്മരണം

എ. കെ. പി.സി. ടി. എ യുടെ സ്ഥാപക നേതാക്കളിലൊരാളായ പ്രൊഫ. വി. ആർ സുബ്രഹ്മണ്യത്തിന്റെ 25-ാം ചരമവാർഷിക ദിനമായിരുന്ന 2004 ആഗസ്ത് 7. പ്രവർത്തക ക്യാമ്പിനോടനുബന്ധിച്ചു സംഘടിപ്പിച്ച വി. ആർ. എസ് അനുസ്മരണ സമ്മേളനം പ്രതിനിധികൾക്ക് ആവേശകരമായ ഒരനുഭവമായി. വി. ആർ. എസിനോടൊപ്പം ദീർഘകാലം സംഘടനാപ്രവർത്തനം നടത്തിയ സ: സി.പി. നാരായണൻ, പ്രൊഫ. ജി. മാധവൻനായർ അദ്ദേഹത്തിന്റെ

ബന്ധുക്കളായ പ്രൊഫ. പി. എൻ പ്രകാശ്, ശ്രീ രാമചന്ദ്രൻ എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി. സ്വകാര്യകോളജധ്യാപകർക്ക് ആത്മാഭിമാനം പകർന്നുനൽകുന്നതിൽ വി. ആർ. എസ്സിന്റെ പങ്ക് നിസ്തുലമായിരുന്നെന്നും സ: സി. പി. യും പ്രൊഫ. ജി മാധവൻ നായരും ചൂണ്ടിക്കാട്ടി. വി. ആർ. എസിലെ 'മുഖമൂടിയണിയാത്ത പച്ചയായ' മനുഷ്യനെ കാണിച്ചുതരുന്നതായിരുന്നു പ്രൊഫ. പ്രകാശിന്റെ പ്രസംഗം . അനുസ്മരണ സമ്മേളനത്തിൽ പ്രൊഫ. കെ. ശശിധരൻ സ്വാഗതവും പ്രൊഫ. പി. ഗോപിനാഥൻ നന്ദിയും പറഞ്ഞു.

തുടർന്ന് പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ സംഘടന പ്രവർത്തനരേഖയും ഡോ. രാജൻ വർഗ്ഗീസ് അക്കാദമിക് പ്രവർത്തന രേഖയും ഡോ. ജയരാജ് കുമാർ ജേർണൽ റിപ്പോർട്ടും അവതരിപ്പിച്ചു. നാസീ ഭീകരതയെ തുറന്നുകാട്ടുന്ന ""Night and Fog" എന്ന ചലചിത്രം പ്രതിനിധികൾക്കു വേണ്ടി പ്രദർശിപ്പിച്ചു. തൃശൂരിലെ മീഡിയാ വാച്ചിന്റെ സഹകരണത്തോടെയായിരുന്നു പ്രദർശനം. തുടർന്ന് പ്രതിനിധികൾ സർവ്വകലാശാല മേഖല അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് രേഖകൾ ചർച്ച ചെയ്തു.

### ട്രേഡ് യൂണിയൻ സമ്മേളനം

## വളരുന്ന സ്വകാര്യവത്കരണവും തളരുന്ന തൊഴിൽ മേഖലയും

ആഗസ്ത് 8 ന് രാവിലെ ഗ്രൂപ്പ് ചർച്ച റിപ്പോർട്ടിങ്ങോടുകൂടിയാണ് ക്യാമ്പ് പരിപാടികൾ ആരംഭിച്ചത്. സി. വി. ഷാജി, പി. നിഷാന്ത് (കണ്ണൂർ), ഡോ. എൻ. രാജൻ (കാലിക്കററ്) വാസുദേവ ശർമ്മ (എം.ജി) ശ്രീവത്സൻ (കേരള) എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന ട്രേഡ് യൂണിയൻ സമ്മേളനത്തിൽ പ്രൊഫ. എം. പി. വിജയലക്ഷ്മി അധ്യക്ഷതവഹിച്ചു. വളരുന്ന സ്വകാര്യവത്കരണവും തളരുന്ന തൊഴിൽ മേഖലയും എന്ന വിഷയത്തിൽ സ:പി. ആർ. രാജൻ ആമുഖ പ്രഭാഷണവും പ്രൊഫ. സി. രവീന്ദ്രനാഥ് മുഖ്യപ്രഭാഷണവും നടത്തി. മുതലാളിത്ത വികസന കാഴ്ചപ്പാടിന്റെ അനിവാര്യ ഫലങ്ങളാണ് ദാരിദ്ര്യവും തൊഴിലില്ലായ്മയുമെന്ന് മുഖ്യ പ്രഭാഷണത്തിൽ പ്രൊഫ. രവീന്ദ്രനാഥ് ചൂണ്ടിക്കാട്ടി. ആഗോളവത്കരണം പലരും കരുതുന്നതുപോലെ ഒരു സ്വാഭാവികപരിണാമമല്ല അതിനു പിറകിൽ സാമ്രാജ്യത്വത്തിന്റെ കൈകളുണ്ട്. ഇതിന് രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യങ്ങളുണ്ട്. ജനങ്ങളുടെ മനസ്സിലുള്ള സോഷ്യലിസ്ററ് ആശയങ്ങളെ തുടച്ചു മാററി പ്രതിരോധിക്കാൻ കഴിയാത്ത സമൂഹത്തെ സൃഷ്ടിച്ച് മുതലാളിത്വത്തെ രക്ഷിക്കുകയാണ് അതിന്റെ ആത്യന്തിക ലക്ഷ്യം- പ്രൊഫ. രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. പ്രൊഫ. വി. സി. ആന്റണി സ്വാഗതമാശംസിച്ചു. തുടർന്ന് നടന്ന ചർച്ചയ്ക്ക് പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ, ഡോ. രാജൻ വർഗ്ഗീസ്, പ്രൊഫ. ആർ. മോഹൻ കുമാർ എന്നിവർ മറുപടി പറഞ്ഞു. ഡോ. കെ. കെ. ചാക്കോയുടെ നന്ദി പ്രകടനത്തോടെ ക്യാമ്പ് സമാപിച്ചു.

**തയ്യാറാക്കിയത്.**
**ഡോ. യു. ഹേമന്ത് കുമാർ**
സെക്രട്ടറി, എ.കെ.പി.സി.ടി.എ
കോഴിക്കോട് ജില്ലാകമ്മിററി

**Read and Subscribe**

KERALA PRIVATE COLLEGE TEACHER
*a monthly journal of AKPCTA*

*for copies contact*

*Chief Editor*
**Dr. S. Jayaraj kumar**
Geethajali,
79 Ulloor Gardens,
Kochulloor, Medical College P.O.
Thiruvananthapuram-695011
Phone: 0471-2440004

*Managing Editor*
**V. Jayakumar**
Aiswarya, TC 55/494,
Sarada Gardens Lane,
Neeramankara, Pappanamcode P.O.
Thiru vananthapuram-695018
Phone: 0471-2491432

Annual Subscribtion Rs. 75/-

എയ്ഡഡ് കോളജുകളിലെ സ്വാശ്രയ കോഴ്സുകളും

# പൊതു ആസ്തികളുടെ സ്വകാര്യവൽക്കരണവും

**തോമസ് ജോസഫ്** പ്രസിഡന്റ്, എ.കെ.പി.സി.ടി.എ

## രാജഗിരി വിവാദം

കളമശ്ശേരി രാജഗിരി കോളജിലെ എയിഡഡ് എം.ബി. എ. കോഴ്സ് സ്വാശ്രയവൽക്കരിച്ചുകൊണ്ട് ഈ വർഷമാദ്യം സർക്കാർ ഇറക്കിയ ഉത്തരവ്, വളരെ വിവാദങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും ശേഷം ഈയിടെയാണ് ഭാഗികമായെങ്കിലും പിൻവലിച്ചത്. യു. ഡി. എഫ്. സർക്കാർ അധികാരത്തിലേറിയ ശേഷം എയിഡഡ് സ്കൂളുകളിലും കോളജുകളിലും അൺ എയിഡഡ് കോഴ്സുകൾ വ്യാപകമായി ആരംഭിച്ചിരുന്നെങ്കിലും നിലവിലുള്ള ഒരു എയിഡഡ് കോഴ്സിനെ സ്വാശ്രയമാക്കി പരിവർത്തിപ്പിച്ചുകൊണ്ടുള്ള ആദ്യസർക്കാർ ഉത്തരവായിരുന്നു രാജഗിരി കോളജിന്റെ കാര്യത്തിൽ ഉണ്ടായത്. വളരെ വിചിത്രമായ വ്യവസ്ഥകളാണ് ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നത്. എയിഡഡ് കോഴ്സ് സ്വാശ്രയമാക്കി മാററുമ്പോൾ തന്നെ, നിലവിൽ എയിഡഡ് മേഖലയിൽ ഉണ്ടായിരുന്ന അദ്ധ്യാപകർക്കു തുടർന്നും സർക്കാർ തന്നെ ശമ്പളം നൽകുമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പുതിയ അദ്ധ്യാപകരെ എയിഡഡ് സംവിധാനത്തിൽ നിയമിക്കാൻ അനുവദിക്കില്ല. ജസ്ററിസ് കെ. ററി. തോമസ് കമ്മിററി സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ച ഫീസും അഡ്മിഷൻ വ്യവസ്ഥകളും നിലവിലുള്ള എയിഡഡ് കോഴ്സിന് ബാധകമാക്കി. ചുരുക്കത്തിൽ വരുമാനം മുഴുവൻ മാനേജ്മെന്റിനും ചിലവുകളുടെ സിംഹഭാഗം സർക്കാരിനുമായി വീതിച്ചുനൽകുന്ന ഒരു പുത്തൻ സ്വകാര്യ-സർക്കാർ സംയുക്ത സംരംഭത്തിനുള്ള ആരംഭം കുറിക്കുകയായിരുന്നു ഉത്തരവിലൂടെ. രാജഗിരി കോളജിൽ എം. ബി. എ. യ്ക്ക് പുതിയ ഒരു ബാച്ചുകൂടി ആരംഭിക്കുന്നതിന്റെ ഭാഗമായാണ് നിലവിലുള്ള എയിഡഡ് കോഴ്സിനെ സ്വാശ്രയമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയത്. ഇപ്പോൾ ഉത്തരവിൽ മാററം വരുത്തിക്കൊണ്ട് എയിഡഡ് സംവിധാനം പുനഃസ്ഥാപിക്കപ്പെട്ടെങ്കിലും പുതിയ അൺ എയിഡഡ് ബാച്ച് നിലനിർത്താൻ കോളജിനെ അനുവദിച്ചിട്ടുണ്ട്.

രാജഗിരി ഉത്തരവ് യാദൃശ്ചികമായി ഉണ്ടായതല്ല. ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥന്റെ നോട്ടപ്പിശകുകൊണ്ടോ അവിഹിത ഇടപെടലിന്റെ അടിസ്ഥാനത്തിലോ ഉണ്ടായതുമല്ല. നയപരമായ തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇറക്കിയ ഉത്തരവാണ്. മൂന്ന് വർഷം മുമ്പ് സർക്കാർ പുറപ്പെടുവിച്ച 'ധവളപത്ര'ത്തിൽ തന്നെ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ സ്വാശ്രയ സ്ഥാപനങ്ങളാക്കി പരിവർത്തിപ്പിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. അവ ചുവടെ കൊടുക്കുന്നു.

1. നിലവിലുള്ള എയിഡഡ് കോളജുകളിൽ പുതിയ കോഴ്സുകളും ബാച്ചുകളും പൂർണ്ണമായും സ്വാശ്രയ സമ്പ്രദായത്തിൽ മാത്രമെ ആരംഭിക്കാവൂ. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസുമാത്രം ഉപയോഗിച്ച് അദ്ധ്യാപകരുടെ ശമ്പളച്ചെലവുകൾ

നിർവഹിക്കാനാകണം.

2. അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക ഭദ്രതയുമുള്ള കോളജുകൾക്ക്സ്വാശ്രയ-സ്വയംഭരണ പദവി നൽകുക! ഇങ്ങനെയുള്ള കോളജുകളിൽ ഇന്നു നിലവിലുള്ള ജീവനക്കാർക്കു മാത്രം സർക്കാർ തുടർന്നും ശമ്പളം നൽകും. പുതിയ കോഴ്സുകൾ സ്വാശ്രയ സമ്പ്രദായത്തിൽ മാത്രം നടത്തണം. പുതിയ നിയമനങ്ങൾക്ക് മാനേജ്മെന്റ് സ്വയം പണം കണ്ടെത്തണം. ശമ്പളം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അററ കുററപ്പണികൾ നടത്തുന്നതിനുമൊക്കെ പണം വിദ്യാർത്ഥികളുടെ ഫീസിനത്തിൽ വാങ്ങണം.

മുകളിൽ കൊടുത്തിരിക്കുന്ന പരിഷ്ക്കാരങ്ങളിൽ ആദ്യ ഇനം ശക്തമായ എതിർപ്പൊന്നും കൂടാതെ തന്നെ സർക്കാരിനു നടപ്പാക്കാൻ കഴിഞ്ഞു. രണ്ടാം ഘട്ട പരിഷ്ക്കാരം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആദ്യകാൽവയ്പ്പായിരുന്നു രാജഗിരി ഉത്തരവ്. മാനേജ്മെന്റിനു പുതിയ കോഴ്സും അദ്ധ്യാപകർക്ക് സംരക്ഷണവും പാരിതോഷികമായി നൽകികൊണ്ട്, ബന്ധപ്പെട്ടവരുടെ സമ്പൂർണ്ണ പിന്തുണ ഉറപ്പാക്കി, ക്ലേശരഹിതമായി പരിഷ്ക്കാരം നടപ്പാക്കാമെന്നായിരുന്നു സർക്കാരിന്റെ കണക്കുകൂട്ടൽ. രാജഗിരികോളജിനു പൂർണ്ണ സ്വയംഭരണം നൽകുന്നതു സംബന്ധിച്ച് മഹാത്മാ ഗാന്ധി യൂണിവേഴ്സിററിയുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് സർക്കാർ കത്തയച്ചിരുന്നു എന്ന വസ്തുത കൂടി ഇതോടൊപ്പം ചേർത്തു വായിച്ചാൽ ഈ പരിഷ്ക്കാരത്തിന്റെ പിന്നിലെ ഗൂഢലക്ഷ്യം കുറെകൂടി വ്യക്തമാകും.

മഹാത്മാഗാന്ധി യൂണിവേഴ്സിററിയോട് അഫിലിയേററുചെയ്തിട്ടുള്ള രാജഗിരി കോളജിനെ സംബന്ധിച്ച ഉത്തരവ് യൂണിവേഴ്സിററിയുടെ അറിവോ സമ്മതമോ കൂടാതെയാണ് സർക്കാർ ഇറക്കിയത്. എന്നാൽ 2004 ജനുവരി 19-ലെ ഉത്തരവ് കൈപ്പററി ആറുമാസം കഴിഞ്ഞിട്ടും അതിനെതിരെ യാതൊരു നീക്കവും യൂണിവേഴ്സിററിയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. എന്നുമാത്രവുമല്ല, ഉത്തരവു പൂഴ്ത്തിവച്ച് അതു രഹസ്യമായി നടപ്പിലാക്കുന്നതിനുവേണ്ട എല്ലാ ഒത്താശയും യൂണിവേഴ്സിററി ചെയ്തുകൊടുക്കുകയായിരുന്നു. അഫിലിയേഷൻ സമ്പ്രദായത്തിൻെറ അന്തസത്ത പാലിക്കാൻ ബാദ്ധ്യസ്ഥമായ യൂണിവേഴ്സിററിതന്നെ അഫിലിയേഷൻ വ്യവസ്ഥകൾ അട്ടിമറിച്ചുകൊണ്ട് സർക്കാർ ഉത്തരവിനു കാവൽനിന്നു. വേലിതന്നെ വിളവു തിന്നു! അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രക്ഷോഭവുമായി രംഗത്തെത്തിയപ്പോൾ മാത്രമാണ്, ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട്, പേരിനൊരു പ്രമേയം പാസ്സാക്കാൻ സിൻഡിക്കേററ് തയ്യാറായത്.

## അല്പം ചരിത്രം

സർക്കാരും സർവകലാശാലകളും ചേർന്നു നടത്തുന്ന എയിഡഡ് മേഖലയുടെ സ്വാശ്രയവൽക്കരണത്തിന്റെ ലാഭനഷ്ടക്കണക്ക് കേരള സമൂഹത്തിൽ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കഴിഞ്ഞ 200 വർഷങ്ങളിലൂടെ കേരളത്തിൽ വേരുറച്ച സാമൂഹ്യനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആണിക്കല്ലുകൾ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ആടിയിളകിക്കഴിഞ്ഞിരിക്കുന്ന വസ്തുത ഇനിയും വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണി ഗൗരി പാർവതീഭായി 1817 ൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രഖ്യാപനത്തിലൂടെയാണ്, പ്രജകൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള കടമ ഔദ്യോഗികമായി ഭരണകൂടം ഏറെറടുക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാറിമാറി വന്ന ഭരണകൂടങ്ങൾ സർക്കാർ സ്ക്കൂളുകളും കോളജുകളും സ്ഥാപിച്ചു

**സ്വകാര്യ കോളജുകൾ എന്ന പേരുതന്നെ എയിഡഡ് സ്ഥാപനങ്ങൾക്ക് അനുയോജ്യമല്ല. കാരണം, ഇവയൊന്നും സ്വകാര്യ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടവയല്ല. കേരളത്തിലെ ഒട്ടുമിക്ക എയ്ഡഡ് കോളജുകളും സർക്കാർ /പൊതു സമൂഹ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടവയാണ്.**

> **പൊതു നിക്ഷേപവും സ്വകാര്യനിയന്ത്രണവും ഇത്തരത്തിൽ അസന്തുലിതമായി കൈകോർത്തിട്ടുള്ള മറ്റൊരു സംവിധാനവും ലോകത്തിൽ മറ്റെങ്ങും ഉണ്ടായിരിക്കാൻ സാദ്ധ്യതയില്ലതന്നെ.**

നടത്തുകമാത്രമല്ല, സർക്കാരിന്റെ ധർമ്മം ഏറ്റെടുത്തു നടപ്പാക്കാൻ തയ്യാറായി വന്ന സ്വകാര്യ വ്യക്തികളേയും പ്രസ്ഥാനങ്ങളേയും അകമഴിഞ്ഞു സഹായിക്കുകയുമുണ്ടായി. കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ കോട്ടയത്തെ സി. എം. എസ്. കോളജ് 1813 ൽ മീനച്ചിലാറിന്റെ തീരത്ത് തിരുവിതാംകൂർ മഹാറാണി ലക്ഷ്മീഭായി സൗജന്യമായി നൽകിയ 16 ഏക്കർ സ്ഥലത്താണ് ആരംഭിച്ചത്. ഇതിനു പുറമെ കെട്ടിടം പണിയുന്നതിനുവേണ്ടി 500 രൂപായും ആവശ്യമുള്ളത്ര തടിയും റാണിതന്നെ നൽകി. കോളജിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി 1819 ൽ 21,000 രൂപാ റാണി ഗൗരി പാർവതീഭായി സർക്കാർ ഖജാനയിൽ നിന്നും നൽകി. അതേവർഷം തന്നെ കൊല്ലത്തിനടുത്ത് 2000 ഏക്കറോളമുള്ള 'മൺറോ തുരുത്തും' കോളജിനു കൈമാറി. ആവർത്ത നച്ചിലവുകൾക്കു വേണ്ടിയുള്ള പണം ഈ ഭൂമിയിൽ നിന്നാണ് കോളജിനു ലഭിച്ചുകൊണ്ടിരുന്നത്.

സർക്കാർ നേരിട്ടു നടത്തുന്ന സ്ഥാപനങ്ങളിലും സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങളിലും ജാതിമത വ്യത്യാസമെന്യേ വിദ്യാർത്ഥി പ്രവേശനം നടത്തണമെന്നും മതേതര വിദ്യാഭ്യാസം നൽകണമെന്നുമുള്ള വ്യവസ്ഥകൾ ആദ്യം മുതൽക്കേ നിലവിലുണ്ടായിരുന്നു. മതപഠനം നടത്തുന്നതിനു വേണ്ടി ആരംഭിച്ച പഴയ 'സെമിനാരി'യാണ്, പിന്നീട്, മതേതര ആധുനിക വിദ്യാഭ്യാസം നൽകണമെന്ന വ്യവസ്ഥയിൽ, സർക്കാരിൽ നിന്ന് കൂടുതൽ ധനസഹായം സ്വീകരിച്ചുകൊണ്ട് സി. എം. എസ്. കോളജായി രൂപാന്തരം പ്രാപിച്ചത്. നവോത്ഥാന നായകന്മാരും പുരോഗമന പ്രസ്ഥാനങ്ങളും കാലാകാലങ്ങളിൽ നടത്തിയ പ്രചാരണങ്ങളും പ്രക്ഷോഭങ്ങളും ആണ്, മതനിരപേക്ഷതയിലും സാമൂഹ്യനീതിയിലും അധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായം തുടർന്നും നിലനിൽക്കുന്നതിനും ശക്തിപ്പെടുന്നതിനും ഇടയാക്കിയത്. 1912 ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന കർഷക സമരം കാർഷിക ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ളതായിരുന്നില്ല. മറിച്ച്, കീഴ്ജാതിക്കാരുടെ വിദ്യാഭ്യാസ അവകാശങ്ങൾക്കു വേണ്ടിയുള്ളതായിരുന്നു. ഊരൂട്ടമ്പലത്തെ സർക്കാർ സ്കൂളിൽ കീഴ്ജാതിക്കാരിയായ പെൺകുട്ടിക്ക് പ്രവേശനം നൽകിയതിൽ പ്രതിഷേധിച്ച് മേൽജാതിക്കാർ സ്കൂൾ ബഹിഷ്ക്കരിച്ചതിനെതിരെ, പാടത്തെ പണി ബഹിഷ്ക്കരിച്ചുകൊണ്ടാണ് അയ്യങ്കാളിയുടെ നേതൃത്വത്തിൽ കീഴാളന്മാർ പ്രതികരിച്ചത്. സമരം വിജയിച്ചതോടെ പുലയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻപിച്ച വർദ്ധനയുണ്ടായി. 1913 നും 1917 നും ഇടക്ക് പുലയ വിദ്യാർത്ഥികളുടെ എണ്ണം 2000 ത്തിൽ നിന്നും 10913 ആയി വളർന്നു. ( ഒരു നൂററാണ്ടിനുശേഷവും വിദ്യാഭ്യാസ അവസരങ്ങൾ നിഷേധിക്കപ്പെട്ടതിന്റെ പേരിൽ ഒരു പട്ടികജാതി വിദ്യാർത്ഥിനിക്ക് ആത്മാഹൂതി നടത്തേണ്ടി വന്ന സാഹചര്യം ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ). 1917ൽ, അമ്പലങ്ങൾ പണിയുന്നതിനു പകരം സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട്, വിദ്യ നേടി പ്രബുദ്ധരാകാൻ ശ്രീനാരായണ ഗുരു നടത്തിയ ആഹ്വാനവും പിന്നാക്കക്കാരുടെ വിദ്യാഭ്യാസ അവസരങ്ങൾ വർദ്ധിപ്പക്കുന്നതിന് ഏറെ സഹായകമായി. എയിഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി ചൂഷണത്തിന് അറുതി വരുത്തിക്കൊണ്ട് 1957 ലെ ഇ. എം. എസ്. സർക്കാർ പാസ്സാക്കിയ വിദ്യാഭ്യാസ ബില്ലാണ് ആ സർക്കാരിന്റെ തന്നെ അന്ത്യം കുറിച്ച വിമോചന സമരത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. എന്നാൽ വിമോചന സമരത്തിനും, വിദ്യാഭ്യാസ രംഗത്തെ പുരോഗമന ആശയങ്ങൾക്ക് താത്കാലികമായ തിരിച്ചടി നൽകാൻ മാത്രമാണ് കഴിഞ്ഞത്. വിമോചന സമരത്തിനു നേതൃത്വം കൊടുത്തവർക്കുപോലും പിൽക്കാലത്ത് തങ്ങളുടെ നിലപാടുകൾ പുനഃപരിശോധിക്കേണ്ടി വന്നതിന്റെ അടിസ്ഥാനത്തിലാണ്, 1972 ലെ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിൽ മാനേജ്മെന്റുകൾക്ക് ഒപ്പുവയ്ക്കേണ്ടി വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ, എയ്ഡഡ് കോളജുകളിലെ അദ്ധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും ഒരു പരിധിവരെ സാമൂഹ്യ നിയന്ത്രണങ്ങൾ സാധ്യമായി.

മെരിററ് /റിസർവേഷൻ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് 80% സീററുകളിലേക്ക് വിദ്യാർത്ഥി പ്രവേശനവും മെരിററടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനവും ഏർപ്പെടുത്തിക്കൊണ്ട് സാമൂഹ്യനീതിയും ഗുണമേന്മയും സമന്വയിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളാണ് എഗ്രിമെൻറിലൂടെ നടപ്പായത്. വ്യവസ്ഥകളിൽ ഒട്ടേറെ പരിമിതികളുണ്ടെങ്കിലും, സർക്കാർ നിക്ഷേപവും സാമൂഹ്യ നിയന്ത്രണവും പരസ്പര പൂരകമാണെന്നുള്ള അടിസ്ഥാന പ്രമാണത്തിന് സാർവത്രികമായ അംഗീകാരം ലഭിച്ചു എന്നാണ് ഡയറക്ട് പേയ്മെൻറ് എഗ്രിമെൻറിൻെറ ഏററവും പ്രധാന നേട്ടം.

## വർത്തമാനകാല യാഥാർത്ഥ്യങ്ങൾ

1972 പഴങ്കഥയായി മാറുകയാണിന്ന്. സ്വകാര്യ കോളജ് മാനേജർമാരുടെയും വലതുപക്ഷ രാഷ്ട്രീയത്തിന്റേയും മാനസാന്തരം ഒരു താത്കാലിക പ്രതിഭാസം മാത്രമായിരുന്നു എന്നു വീണ്ടും തെളിയിക്കപ്പെടുകയാണ്. വിമോചന സമരത്തിന്റെ 'സ്പിരിററ്' വീണ്ടും പുനർജനിക്കുകയാണ്. ഒരു വ്യത്യാസം മാത്രം. 57ൽ സ്വകാര്യ മാനേജ്മെന്റുകളും ഭരണപക്ഷവും പരസ്പരം പോരാടുകയായിരുന്നെങ്കിൽ, ഇന്ന് ഇരുപക്ഷവും പരസ്പര സഹകരണത്തിലാണ്. വിമോചന സമരത്തിലൂടെ കേരള രാഷ്ട്രീയത്തിൽ പ്രവേശിച്ച ശ്രീ. എ. കെ. ആന്റണി തന്നെയാണ്, ഈ പുതിയ കൂട്ടുകെട്ടിനു ചുക്കാൻ പിടിച്ചിരുന്നതെന്നും യാദൃച്ഛികമല്ല. പശ്ചാത്താപവിവശനായ ആന്റണിയുടെ അനുതാപപ്രകടണമാണ് യു. ഡി. എഫിന്റെ പുത്തൻ വിദ്യാഭ്യാസ നയം; എയിഡഡ് സ്ഥാപനങ്ങളുടെ സ്വാശ്രയവൽക്കരണം ഈ നയത്തിന്റെ ഏററവും ജീർണ്ണമായ മുഖവും. (താനേറെ മാറിപ്പോയി എന്ന മുഖ്യമന്ത്രിയുടെ ആവർത്തിച്ചുള്ള പ്രഖ്യാപനത്തിന്റെ പൊരുൾ ഇവിടെയാണ് വെളിവാക്കപ്പെടുന്നത്).

എയിഡഡ് സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് യു. ഡി. എഫ് നൽകുന്ന സ്വാശ്രയകോഴ്സെന്ന സ്നേഹോപഹാരം നാട്ടുകാരുടെ ചെലവിലാണ് നൽകുന്നതെന്ന വസ്തുത ഏറെ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഇതെഴുതുന്നയാളും ചില പൊതുപ്രവർത്തകരും കൂടി തന്റെ കോളജിലെ വിദ്യാർത്ഥി പ്രവേശനത്തിൽ നടന്ന അഴിമതിയെക്കുറിച്ച് പരാതിപ്പെട്ടപ്പോൾ കോളജ് പ്രിൻസിപ്പലിന്റെ പക്കൽ നിന്നുണ്ടായ പ്രതികരണം ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു പൊതു സ്ഥാപനമെന്ന നിലയ്ക്കാണ് തങ്ങൾ അഡ്മിഷൻ സംബന്ധിച്ച പരാതികൾ ഉന്നയിക്കുന്നതെന്ന് ആമുഖമായി പ്രിൻസിപ്പലിനെ അറിയിച്ചപ്പോൾ, ഒരു വൈദികനായ അദ്ദേഹം പറഞ്ഞത്, തന്റെ സ്ഥാപനം ഒരു സ്വകാര്യ സ്ഥാപനം മാത്രമാണെന്നും പൊതുസ്ഥാപനമല്ലെന്നുമാണ്. ഇത് ഒററപ്പെട്ട പ്രതികരണമല്ല. അധികാരികളുടെ ഭാഗത്തു നിന്നു മാത്രമുള്ള പ്രതികരണവുമല്ല. കേരളത്തിലെ എയിഡഡ് സ്ക്കൂളുകളും കോളജുകളും സ്വകാര്യ സ്ഥാപനങ്ങളാണെന്നുള്ള തെററിദ്ധാരണ പൊതുജനങ്ങൾക്കിടയിൽ പരക്കെയുണ്ട്.

## എയിഡഡ് കോളജുകൾ സ്വകാര്യ സ്ഥാപനങ്ങളോ?

സ്വകാര്യ കോളജുകൾ എന്ന പേരുതന്നെ എയിഡഡ് സ്ഥാപനങ്ങൾക്ക് അനുയോജ്യമല്ല. കാരണം, ഇവയൊന്നും സ്വകാര്യ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടവയല്ല. കേരളത്തിലെ ഒട്ടുമിക്ക എയ്ഡഡ് കോളജുകളും സർക്കാർ /പൊതു സമൂഹ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടവയാണ്. കോട്ടയത്തെ സി. എം. എസ്. കോളജിന്റെ ചരിത്രം മുമ്പു സൂചിപ്പിച്ചിരുന്നുവല്ലൊ. അതുപോലെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാട്ടാവുന്നതാണ്. 1921 ൽ തിരുവിതാംകൂർ മഹാരാജാവ് ദാനമായി നൽകിയ 18 ഏക്കർ സ്ഥലത്തു നിന്നിരുന്ന കോടതി സമുച്ചയത്തിലാണ് ആലുവായിലെ യു. സി. കോളജ് ആരംഭിക്കുന്നത്. 1948 ൽ തിരുവനന്തപുരത്ത്

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നിസ്സാരവിലയ്ക്ക് സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ഉയരുന്ന പ്രതിഷേധത്തിന്റെ ഒരംശം പോലും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൗജന്യമായി സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ഉണ്ടാകുന്നില്ല.**

സ്ഥാപിക്കപ്പെട്ട എം. ജി. കോളജിനാകട്ടെ, നഗരത്തിന്റെ ഹൃദയഭാഗത്തു 48 ഏക്കർ സ്ഥലമാണ് സർക്കാർ സൗജന്യമായി നൽകിയത്. അതേ വർഷം തന്നെ കൊല്ലത്ത് എസ്. എൻ. കോളജ് ആരംഭിച്ചതാകട്ടെ, സർക്കാർവകയായ 30 ഏക്കറോളം വിസ്താരമുള്ള കന്റോൺമെൻറു മൈതാനത്താണ്. ഉത്തര കേരളത്തിലും ഇതിനു സമാനമായ രീതിയിലാണ് കോളജുകൾ സ്ഥാപിക്കപ്പെട്ടത്. 1965 ൽ ധർമ്മിഷ്ഠനായ വി. എസ്. ശിവരാമകൃഷ്ണ അയ്യർ നൽകിയ 50,000 രൂപാ ഉപയോഗിച്ചാണ്, പയ്യന്നൂർ കോളജിനുവേണ്ടി 157 ഏക്കർ വിസ്താരമുള്ള സ്ഥലം വാങ്ങിയത്. അതുപോലെ പി. എം. തിരുമുൽപ്പാട് സംഭാവനയായി നൽകിയ സ്ഥലത്താണ് മഞ്ചേരിയിലെ എൻ. എസ്. എസ്. കോളജ് സ്ഥാപിക്കപ്പെട്ടത്.

സർക്കാരും സമൂഹവും എയിഡഡ് സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം മാത്രമല്ല നൽകിയിട്ടുള്ളത്. തദ്ദേശവാസികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും വിദേശികളിൽ നിന്നുമൊക്കെ പിരിവെടുത്തുകൊണ്ടാണ് ഈ സ്ഥാപനങ്ങൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത്. പല ക്രിസ്ത്യൻ കോളജുകൾക്കും ധാരാളം വിദേശ സഹായം ലഭിച്ചിട്ടുണ്ട്. എൻ. എസ്. എസിന്റെ നേതൃത്വത്തിൽ കരയോഗാടിസ്ഥാനത്തിൽ നടത്തിയ ഉൽപ്പന്നപ്പിരിവ് ഈ രംഗത്തെ മഹനീയമാതൃകയാണ്. ഇതിനു പുറമെ കാലാകാലങ്ങളിൽ യു.ജി. സി. യിൽ നിന്നും മററു കേന്ദ്ര-സംസ്ഥാന ഏജൻസികളിൽ നിന്നും പണം സ്വരൂപിക്കാൻ ഓരോ കോളജിനും അവസരം ഉണ്ടായിട്ടുണ്ട്. എയിഡഡ് കോളജുകളുടെ ആവർത്തനച്ചിലവിന്റെ 95% ത്തിൽ അധികം സംസ്ഥാന സർക്കാരാണ് വഹിച്ചുവരുന്നത്. ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റിലൂടെ നിലവിൽ വന്ന നിയന്ത്രണങ്ങൾക്കകത്തു നിന്നുകൊണ്ടും അതിനെ ലംഘിച്ചുകൊണ്ടും നാമമാത്രമായ നിക്ഷേപത്തിന്റെ പിൻബലത്തിൽ വളരെ വിപുലമായ അധികാരങ്ങളും അവകാശങ്ങളുമാണ് എയിഡഡ് കോളജുകളുടെ മാനേജർമാർ അനുഭവിച്ചുപോരുന്നത്. പൊതു നിക്ഷേപവും സ്വകാര്യനിയന്ത്രണവും ഇത്തരത്തിൽ അസന്തുലിതമായി കൈകോർത്തിട്ടുള്ള മറെറാരു സംവിധാനവും ലോകത്തിൽ മറെറങ്ങും ഉണ്ടായിരിക്കാൻ സാദ്ധ്യതയില്ലതന്നെ.

നിക്ഷേപവും ലാഭവും പങ്കുവയ്ക്കുന്നതിൽ ഇപ്പോൾ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ ശതഗുണീഭവിപ്പിക്കുന്ന ഒരു സംവിധാനമാണ് എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകൾ.

**കലാലയങ്ങളിൽ എത്തുന്ന വിദ്യാർത്ഥികൾക്കു പകരം കൈനിറയെ പണവും മനം നിറയെ ആശങ്കകളും തല നിറയെ ശൂന്യതയുമായെത്തുന്ന ഉപഭോക്താക്കൾക്ക് ഇണങ്ങുന്ന ചരക്കുകളായി മാറുന്ന കോഴ്സുകൾക്ക് ഗുണനിലവാരം ഉണ്ടാകാൻ സാധ്യതയില്ല.**

പ്രീഡിഗ്രി വേർപെടുത്തപ്പെട്ടപ്പോൾ കോളേജുകളിൽ അധികം വന്ന അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കുറഞ്ഞചിലവിൽ തൊഴിലധിഷ്ഠിത എയിഡഡ് കോഴ്സുകൾ നടത്തുമെന്ന് 1999 ൽ ഇറങ്ങിയ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ, ഭരണം മാറിയതോടെ ഈ ഉത്തരവു ലംഘിക്കപ്പെടുകയാണുണ്ടായത്. പൊതു നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ട ക്ളാസുമുറികളും ലൈബ്രറികളും ലബോറട്ടറികളും ഉപയോഗിച്ചു കൊണ്ടും പ്രീഡിഗ്രി പുനസംഘാടനത്തിന്റെ ഭാഗമായി കോളജുകളിൽ അധികം വന്ന മനുഷ്യവിഭവശേഷിയെ ചൂഷണം ചെയ്തുകൊണ്ടും യാതൊരു മുതൽ മുടക്കുമില്ലാതെ സ്വാശ്രയ കോഴ്സുകൾ നടത്തി അമിത ലാഭമുണ്ടാക്കാൻ മാനേജ്മെന്റുകൾക്ക് അവസരം നൽകുകയാണ് യു. ഡി. എഫ്. സർക്കാർ ചെയ്തത്. മാർക്കററിൽ ഡിമാന്റുള്ള പുതിയ കോഴ്സുകൾ അൺ എയിഡഡ് മേഖലയിൽ മാത്രമാണ് ഇപ്പോൾ ആരംഭിക്കുന്നത്. ഇത്തരം കോഴ്സുകളുടെ നടത്തിപ്പിൽ സംവരണ തത്ത്വങ്ങൾ പാലിക്കുന്നില്ല. പിന്നാക്കക്കാർക്കും പാവപ്പെട്ടവർക്കും അനുവദിക്കപ്പെട്ടിട്ടുള്ള പരിഗണനകൾ ലഭിക്കുന്നില്ല. എന്നു മാത്രവുമല്ല, പിന്നാക്കക്കാരും പാവപ്പെട്ടവരും ചേക്കേറുന്ന മുഖ്യാധാരാ കോഴ്സുകളെ അപ്രസക്തമാക്കി പുറം തള്ളുകയെന്ന ധർമ്മം കൂടി തൊഴിലധിഷ്ഠിത സ്വാശ്രയ കോഴ്സുകളുടെ

കർമ്മമായി മാറുകയാണ്. അനാകർഷകമെന്നു മുദ്ര കുത്തി എയിഡഡ് കോഴ്സുകളെ അനാദായ കരമാക്കി പരിവർത്തിപ്പിച്ചുകൊണ്ട് നിലവിലുള്ള എയിഡഡ് കോളജുകളെ കാലക്രമേണ സമ്പൂർണ്ണമായും സ്വാശ്രയമാക്കി മാററി എടുക്കാനുള്ള ഒരു ദീർഘകാല പദ്ധതിയുടെ ആരംഭമാണ് ഇവിടെ കുറിക്കപ്പെട്ടിരിക്കുന്നത്.

പുത്തൻ വികസന സമ്പ്രദായമായ ബി. ഒ. ററി. യുടെ (Build, Operate and Transfer) വിപരീത അനുകരണമാണ്, എയിഡഡ് സ്ഥാപനങ്ങളുടെ സ്വാശ്രയവൽക്കരണത്തിലൂടെ നടപ്പിലാവുക സമൂഹത്തിന്റെ പൊതുവായ നിക്ഷേപത്തിലും നിയന്ത്രണത്തിലും പടുത്തുയർത്തപ്പെട്ട സ്ഥാപനങ്ങളിലെ കോടിക്കണക്കിനു രൂപാ വിലമതിക്കുന്ന ഭൗതിക ആസ്തികളും അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നിരവധി വർഷങ്ങൾകൊണ്ട് സമ്പാദിച്ച പ്രശസ്തിമൂല്യവും സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് എയിഡഡ് കോളജുകളിൽ സ്വാശ്രയ കോഴ്സുകൾക്കുള്ള അനുവാദം നൽകിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഡിസ് ഇൻവെസ്ററുമെന്റിന് ഇവിടെ തുടക്കം കുറിക്കുകയാണ്. സാമൂഹ്യനീതിയിലും മതേതരമൂല്യങ്ങളിലും അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവസാനം ഇവിടെ ആരംഭിക്കുകയാണ്. സർക്കാരും പൊതുസമൂഹവും സ്വകാര്യ മാനേജ്മെന്റുകളും ചേർന്നുണ്ടാക്കിയ സാമൂഹ്യ ഉടമ്പടി (Social Contract) യുടെ നഗ്നമായ ലംഘനമാണ് ഇതിലൂടെ അരങ്ങേറുന്നത്. ഈ അനീതിക്കെതിരേ ശക്തമായ പ്രക്ഷോഭങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നിസ്സാരവിലയ്ക്ക് സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ഉയരുന്ന പ്രതിഷേധത്തിന്റെ ഒരംശം പോലും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൗജന്യമായി സ്വകാര്യവൽക്കരിക്കുന്നതിനെതിരെ ഉണ്ടാകുന്നില്ല.

**ആഗോളതലത്തിൽ ചിന്തിക്കുകയും പ്രാദേശിക തലത്തിൽ പ്രവർത്തിക്കുകയുമെന്നത്, ആഗോളവൽക്കരണത്തിന്റെ മന്ത്രം മാത്രമല്ല; ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മന്ത്രം കൂടിയാണ്.**

## വികസന പ്രതിസന്ധി

വിദ്യാഭ്യാസരംഗത്തെ സാമൂഹ്യ നീതിയുടെ നിഷേധം വിദ്യാഭ്യാസത്തിന് വികസനത്തിൽ ഏററവും മുന്തിയ സ്ഥാനം കൈവന്നിരിക്കുന്ന കാലഘട്ടത്തിലാണ് ആരംഭിച്ചിരിക്കുന്നത്. വിദ്യ സമ്പാദിക്കുക എന്നത് ഒരു സാംസ്കാരിക പ്രവർത്തനം മാത്രമായിരുന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമായി നൽകാനുള്ള ശ്രമങ്ങൾക്കു മുൻതൂക്കം ലഭിച്ചിരുന്നു. അറിവിന്റെ പുത്തൻയുഗത്തിൽ വിദ്യ വികസനത്തിന്റെ ആണിക്കല്ലായി മാറിയിരിക്കുന്നു. ഉൽപാദന രംഗത്തെ ഏററവും വിലയേറിയ മൂലധനം അറിവാണെന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അറിവുള്ളവൻ പണമുള്ളവനും അധികാരമുള്ളവനുമായി മാറുന്ന പുത്തൻ സാഹചര്യത്തിൽ അറിവിന്റെ പാതയിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ട് അറിവിന്റെ വ്യാപനം തടയുന്ന നവ കൊളോണിയൽ അജണ്ടയുടെ ഭാഗം മാത്രമാണ് സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപം. ഇത്തരമൊരു സങ്കൽപ്പത്തെ ചെറുത്തു തോൽപിച്ചുകൊണ്ട് മാത്രമേ, സമഗ്രവും സാർവത്രികവുമായ വികസനമെന്ന ലക്ഷ്യം നേടാനാകൂ. ഉന്നതവിദ്യാഭ്യാസത്തിന്റെ സാർവത്രീകരണം ലക്ഷ്യമാക്കിയുള്ള പരിപാടികളാണ് വികസിത രാജ്യങ്ങൾ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. വികസിത രാജ്യങ്ങളിൽ 17 വയസ്സിനും 23 വയസ്സിനും ഇടയ്ക്കുള്ള ജനസംഖ്യയുടെ 50% ൽ അധികം ഉന്നതവിദ്യാഭ്യാസം തേടുമ്പോൾ ഇന്ത്യയിൽ ശരാശരി 7% മാത്രമാണ് ഈ രംഗത്തുള്ളത്. കേരളത്തിന്റെ മാത്രം സ്ഥിതിയും ഒട്ടും മെച്ചമല്ല. അമേരിക്കയിലാകട്ടെ ഇത് 70% ൽ ഏറെയാണ്. 2020 ൽ ഇന്ത്യ വികസിത രാജ്യങ്ങളുടെ മുൻപന്തിയിൽ എത്തുമെന്ന് വീമ്പിളക്കുന്നവർ, ഇതിനായി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇന്ത്യ നടത്തേണ്ടുന്ന കുതിച്ചുചാട്ടത്തെക്കുറിച്ച് ബോധമുള്ളവരായി തോന്നുന്നില്ല. 7% ൽ നിന്ന് 70% ലേക്കുള്ള ദൂരം താണ്ടാൻ 25% ൽ അധികം ജനങ്ങൾ ദാരിദ്ര്യ

**ഉൽപാദന രംഗത്തെ ഏററവും വിലയേറിയ മൂലധനം അറിവാണെന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അറിവുള്ളവൻ പണമുള്ളവനും അധികാരമുള്ളവനുമായി മാറുന്ന പുത്തൻ സാഹചര്യത്തിൽ അറിവിന്റെ പാതയിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ട് അറിവിന്റെ വ്യാപനം തടയുന്ന നവ കൊളോണിയൽ അജണ്ടയുടെ ഭാഗം മാത്രമാണ് സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപം. ഇത്തരമൊരു സങ്കൽപ്പത്തെ ചെറുത്തു തോൽപിച്ചുകൊണ്ട് മാത്രമേ, സമഗ്രവും സാർവത്രികവുമായ വികസനമെന്ന ലക്ഷ്യം നേടാനാകൂ.**

രേഖയ്ക്ക് താഴെ ജീവിക്കുന്ന ഇന്ത്യയെപ്പോലൊരു രാജ്യത്ത് സ്വാശ്രയവൽക്കരണം വിനാശത്തിലേക്കുള്ള പാതയാണെന്ന് തിരിച്ചറിയാൻ സാമാന്യബുദ്ധി മാത്രം മതി. അധികമായി വേണ്ടത്, വിവേകവും കാരുണ്യവുമാണ്. ഇന്നു ലഭ്യമല്ലാത്തതും ഇതു രണ്ടുമാണ്.

കമ്പോള വ്യവസ്ഥയിൽ നടത്തപ്പെടുന്ന സ്വാശ്രയ കോഴ്സുകൾ ഉന്നതവിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ചയ്ക്ക് ആക്കംകൂട്ടുമെന്ന കാര്യത്തിലും സംശയമില്ല. ബുദ്ധിയും അഭിരുചിയും കൈമുതലായി കലാലയങ്ങളിൽ എത്തുന്ന വിദ്യാർത്ഥികൾക്കു പകരം കൈനിറയെ പണവും മനം നിറയെ ആശങ്കകളും തല നിറയെ ശൂന്യതയുമായെത്തുന്ന ഉപഭോക്താക്കൾക്ക് ഇണങ്ങുന്ന ചരക്കുകളായി മാറുന്ന കോഴ്സുകൾക്ക് ഗുണനിലവാരം ഉണ്ടാകാൻ സാധ്യതയില്ല. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അതിപ്രസരം അടിസ്ഥാന വിഷയങ്ങളുടെ പഠനവും ഗവേഷണവും പാർശ്വവൽക്കരിക്കുന്നതിന് കാരണമാകും. മാറിമാറി വരുന്ന ലോകസാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ - അടിസ്ഥാന വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ്, പ്രായോഗിക നൈപുണ്യങ്ങൾ, സാമൂഹ്യബോധം എന്നിവ - കേവലം തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടാകാൻ സാധ്യതയില്ല. വിപണിയുടെ ചാഞ്ചാട്ടങ്ങൾക്കനുസരിച്ച് സൃഷ്ടിക്കപ്പെടുന്ന താത്കാലിക ഭൗതിക മോഹങ്ങളുടെ പരിമിതമായ പരിധികൾക്കുള്ളിൽ വിദ്യാഭ്യാസ സമ്പ്രദായത്തെ തളച്ചിടുന്നത് സുസ്ഥിരവികസനത്തിന് വിഘാതം സൃഷ്ടിക്കും. മാത്രവുമല്ല, അമിതമോഹങ്ങൾ മോഹഭംഗങ്ങൾ അനിവാര്യമാക്കും. മോഹഭംഗങ്ങളുടെ തടവറയിൽ വഴുതി വീഴുന്ന ചെറുപ്പക്കാർക്ക് ആത്മഹത്യ മാത്രമായിരിക്കും അഭയം.

## കലാലയ സംരക്ഷണസമിതികൾ

കേരളത്തിലെ എയിഡഡ് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സംരക്ഷണവും ശാക്തീകരണവും മേൽപറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ സാമൂഹ്യബോധവും ദീർഘവീക്ഷണവുമുള്ള ഓരോ പൗരന്റേയും കടമയും കർത്തവ്യവുമായി മാറുന്നു. ആശയതലത്തിലും പ്രക്ഷോഭത്തിന്റെ തലത്തിലും വമ്പിച്ച ബഹുജന പങ്കാളിത്തത്തോടെയുള്ള മുന്നേററം നടത്തിക്കൊണ്ടുമാത്രമേ, ലാഭനഷ്ടക്കണക്കുകളുടെ ഊരാക്കുടുക്കിൽ നിന്നും കേരളത്തിന്റെ വിദ്യാഭ്യാസത്തെ സ്വതന്ത്രമാക്കാനാവൂ. ഇത്തരമൊരു ജനജാഗ്രതാപ്രസ്ഥാനം കെട്ടിപ്പെടുക്കുന്നതിന് മുൻകൈ എടുക്കാൻ അദ്ധ്യാപക- വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ തയ്യാറാകേണ്ടതുണ്ട്. സർക്കാരിനെതിരേയുള്ള രാഷ്ട്രീയ സമരങ്ങൾ കൊണ്ടുമാത്രം അതിർത്തി കടന്നുവരുന്ന സ്വകാര്യവൽക്കരണത്തിന്റെ ആശയങ്ങളേയും അതിന്റെ ചിറകിലേറിയുള്ള സ്വകാര്യ ആർത്തികളേയും ചെറുക്കാനാവില്ല. ഓരോ പ്രദേശത്തിന്റെയും പൊതുസ്വത്തായ വിദ്യാഭ്യാസസ്ഥാപനങ്ങൾ സംരക്ഷിക്കാൻ പ്രാദേശികമായ ഇടപെടലുകൾ കൂടി ഉണ്ടാകണം. അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രാദേശിക സമൂഹവും ചേർന്ന് ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരക്ഷണ സമിതികൾ രൂപീകരിക്കണം. വിദ്യാലയ സംരക്ഷണ സമിതികളെന്നോ കലാലയ സംരക്ഷണ സമിതികളെന്നോ ഇത്തരം സമിതികളെ നാമകരണം ചെയ്യാം. സമിതികളുടെ നേതൃത്വത്തിൽ ഓരോ എയിഡഡ് സ്ഥാപനത്തിലേയും പൊതു നിക്ഷേപത്തിൻെറ ചരിത്രം വിശദമായി പഠിക്കാനും പ്രചരിപ്പിക്കാനും ഏർപ്പാടുകളുണ്ടാകണം. പഠനം തന്നെ ഏററവും ശക്തമായ പോരാട്ടത്തിന്റെ മാർഗമാണെന്ന പാഠം നാം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. പഠനത്തിനും പ്രചരണത്തിനും പൂരകമായി രൂപപ്പെടുന്ന പ്രക്ഷോഭം ഒരു ബഹുജന പ്രസ്ഥാനമായി വളർത്തിയെടുക്കാൻ സാദ്ധ്യമാകും. ആഗോളതലത്തിൽ ചിന്തിക്കുകയും പ്രാദേശിക തലത്തിൽ പ്രവർത്തിക്കുകയുമെന്നത്, ആഗോളവൽക്കരണത്തിന്റെ മന്ത്രം മാത്രമല്ല; ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മന്ത്രം കൂടിയാണ്.

## Privatisation of Public Assets in Higher Education

# തേവരതിരുഹൃദയ കലാലയം - കടപ്പാടുകളുടെ ചരിത്രവഴികളിലൂടെ

**തേവര,** കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശത്തുളള ദുർഗമമായ ഒരു കൊച്ചുദ്വീപായിരുന്നു. യാത്രാ സൗകര്യമില്ല. കായൽ മുറിച്ചുകടന്ന് ദ്വീപിലെത്താൻ കടത്തുവഞ്ചിയായിരുന്നു ആശ്രയം. ഏതാനും കുടുംബക്കാരൊഴിച്ച് താമസക്കാർ വളരെക്കുറവ്. സി. എം. ഐ. അച്ചൻമാരുടെ തിരുഹൃദയ കൊവേന്തയും കൊവേന്തവക സ്കൂളും മട്ടമ്മേൽ സുധർമ്മ സൂര്യോദയ സഭ വക ക്ഷേത്രവും മാത്രമായിരുന്നു ആകെ രണ്ടു സ്ഥാപനങ്ങൾ. രണ്ടാം ലോകമഹായുദ്ധം കൊടുംപിരിക്കൊണ്ടിരിക്കുന്ന 1940 കളുടെ ആദ്യപാദത്തിലെ ചരിത്രമാണിത്. ക്രമേണ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന് സി. എം. ഐ കൊവേന്ത മുന്നോട്ടുവന്നു. സമൂഹത്തിലെ പുരോഗമനാശയക്കാരായ ആളുകൾ ഈ ശ്രമത്തെ അളവററ് പ്രോത്സാഹിപ്പിച്ചു. അങ്ങനെ 1944 ആഗസ്ത് 14-ാം തീയതി മദ്രാസ് യൂണിവേഴ്സിററിയുമായി അഫിലിയേററ് ചെയ്ത് തേവര എസ്. എച്ച് കോളജ് സ്ഥാപിതമായി. ഇന്ന് 80 കൾ പിന്നിടുന്ന ഒരു തലമുറയ്ക്കു മുന്നിൽ, അവികസിത ദ്വീപായിരുന്ന തേവരയിലേക്ക് പാലം പണിതീർന്നതും, കാട് നാടാവുന്നതും, നാട് നഗരമാകുന്നതും, നഗരം മഹാനഗരമാകുന്നതും, തേവര അതിലെ ഏററവും തിരക്കേറിയ വിദ്യാഭ്യാസ സിരാകേന്ദ്രമാകുന്നതും കൗതുക കാഴ്ചകളായിരുന്നു. ഈ വികസനത്തിന് നാന്ദിയായത് തേവര കോളജുതന്നെയായിരുന്നു. അതിന്റെ നേതൃത്വം സി. എം. ഐ പുരോഹിതർക്കുമായിരുന്നു. എന്നാൽ ഈ ശ്ലാഘനീയ ശ്രമത്തിൽ പണമായും, സ്ഥലമായും, ഗവൺമെന്റംഗീകാരമായും സഹായമായും എത്രയോ തലത്തിലും തരത്തിലുമുളള ആളുകളുടെ നിസ്വാർത്ഥ ത്യാഗത്തിന്റെ പറയപ്പെടാത്ത കഥകളുണ്ട്. അന്നത്തെ തേവരയിലെ പ്രമുഖകുടുംബങ്ങളിൽ പലതും തങ്ങളുടെ ഭൂമിയുടെ മുക്കാൽ പങ്കിലേറെയും സംഭാവനയായി നല്കി സ്ഥലം മാറി താമസമാക്കിയത് ചരിത്രം.(തേവര ചരിത്രവും സംസ്കാരവും, പ്രസാധനം: പ്രിൻസിപ്പൽ എസ്. എച്ച് കോളജ്, തേവര പി 20 നവം: 2001)

കൊച്ചി രാജകുടുംബം, കൊച്ചി പോർട്ട് ട്രസ്ററ്, യൂണിവേഴ്സിററി ഗ്രാന്റ്സ് കമ്മീഷൻ, ഉദാരമതികളായ നാട്ടുകാർ, വിദേശ ഏജൻസികൾ എന്നീ വിഭാഗങ്ങളുടെ നിർലോപമായ സഹായസഹകരണങ്ങൾ വാങ്ങിയെടുത്ത് ഏതാണ്ട് 1000 കുട്ടികൾക്ക് താമസിച്ചു പഠിക്കുന്നതിനുതകുന്ന 6 ഹോസ്ററൽ കെട്ടിടങ്ങൾ പണിതീർത്ത് പ്രവർത്തനമാരംഭിച്ചുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്ത് തേവരക്കോളജ് അസൂയാവഹമായ സ്ഥാനം കൈവരിച്ചു. എന്നാൽ പിന്നീട് ഈ ഹോസ്ററലുകളുടെ പ്രവർത്തനം ഏകപക്ഷീയമായി അവസാനിപ്പിക്കുകയും, വിദ്യാഭ്യാസേതര ലോഡ്ജുകളാക്കി മാററുകയും ചെയ്തു. ഇന്ന് അവയിലേതാനും പൊളിച്ചു നീക്കി ആ സ്ഥാനത്തും ശേഷിക്കുന്നതിലും കൂടി സ്വാശ്രയ സ്കൂളുകൾ സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നുവെന്നു കാണാം. ( എസ്. എച്ച്. പബ്ളിക്ക് സ്കൂൾ, തേവര).

